സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് – 2022–23 സാമ്പത്തിക വർഷത്തെ വാർഷിക ഏൺഡ് ലീവ് സറണ്ടർ ആനുകൂല്യം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 3701/20/Est-1** നന്തൻകോട് **14/03/2023**

---

പരാമർശം :– 1) G.O(P) No. 148/2022/Fin, dated 30-12-2022
2) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 20–01–2023 ലെ DA 465/22/E-1 നമ്പർ റിമാർക്സ്.
3) 06–02–2023 ലെ മേൽ നമ്പർ ഉത്തരവ്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എല്ലാ വിഭാഗം ജീവനക്കാരുടേയും പീരിയോഡിക്കൽ ഏൺഡ് ലീവ് സറണ്ടർ (2022–23 സാമ്പത്തിക വർഷത്തെ) ആനുകൂല്യം 15–03–2023 വരെ നിർത്തിവച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു (പരാമർശം –3).

സംസ്ഥാന സർക്കാർ ജീവനക്കാരുടെ 2022–23 സാമ്പത്തിക വർഷത്തെ മാറ്റിവച്ചിരുന്ന പീരിയോഡിക്കൽ ഏൺഡ് ലീവ് സറണ്ടർ 4 വർഷത്തിനു ശേഷം മാത്രമേ പിൻവലിക്കാവൂ എന്ന വ്യവസ്ഥയിൽ 20–03–2023 മുതൽ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളതാണ് (പരാമർശം –1).

ഇക്കാര്യത്തിൽ ലഭ്യമായ ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ പരാമർശം (2) റിമാർക്ക്സ് ബോർഡ് പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എല്ലാ വിഭാഗം ജീവനക്കാരുടേയും 2022–23 വർഷത്തെ മാറ്റിവച്ചിരുന്ന വാർഷിക ഏൺഡ് ലീവ് സറണ്ടർ ആനുകൂല്യം 4 വർഷത്തിനുശേഷം മാത്രമേ പിൻവലിക്കാവൂ എന്ന വ്യവസ്ഥയിൽ 20–03–2023 മുതൽ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിന് അനുവദിച്ച് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി
(ഒപ്പ്)
സെക്രട്ടറി

(മറുപുറം)

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഐ. റ്റി. ഡിവിഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK